KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.11/PR/PIC/PHQ/18 Date : 27.01.2018

**പ്രവർത്തന മികവിന് 'ബാഡ്ജ് ഓഫ് ഓണർ' പുരസ്കാരങ്ങൾ വിതരണം ചെയ്തു.**

വിവിധ മേഖലകളിൽ പ്രവർത്തനമികവുകാട്ടിയ പോലീസ് ഉദ്യോഗസ്ഥർക്കുള്ള 2016 ലെ ബാഡ്ജ് ഓഫ് ഓണർ ബഹുമതികൾ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ വിതരണം ചെയ്തു. കുറ്റാന്വേഷണം, ഇന്റലിജൻസ്, ഗതാഗത നിയന്ത്രണം, പരിശീലനം, ടെലിക്കമ്മ്യൂണിക്കേഷൻ, ക്രമസമാധാനപാലനം, കമ്മ്യൂണിറ്റി പോലീസിങ്, സ്ത്രീസുരക്ഷ, ലഹരിവസ്തുക്കളുടെ ഉപയോഗം തടയൽ, സൈബർ ക്രൈം, പോലീസ് ഫോട്ടോഗ്രാഫി, ഫോറൻസിക് സയൻസ്, ബോധവത്കരണവും മറ്റ് പൊതുകാര്യങ്ങളും തുടങ്ങിയ മേഖലകളിലായി 196 പേരും ശാസ്ത്രീയന്വേഷണത്തിലൂടെ പെരുമ്പാവൂർ നിയമവിദ്യാർത്ഥിനിയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് 909/2016 ക്രൈം നമ്പരായി കുറുപ്പുംപടി പോലീസ് സ്റ്റേഷൻ രജിസ്റ്റർ ചെയ്ത കേസ് തെളിയിച്ച് കുറ്റവാളികൾക്ക് പരമാവധി ശിക്ഷവാങ്ങുന്നതിന് നേതൃത്വം നൽകിയ എ.ഡി.ജി.പി ഡോ.ബി. സന്ധ്യ, ഐ.ജി. എസ്. ശ്രീജിത്ത്, എസ്.പി. മാരായ പി.എൻ. ഉണ്ണിരാജൻ, പി.കെ. മധു, കെ.എസ്. സുദർശൻ, എസ്. ശശിധരൻ എന്നിവരുൾപ്പെടെ 37 പേരും വിവിധ മേഖലകളിലെ മികവുറ്റ പ്രവർത്തനങ്ങൾ കണക്കിലെടുത്ത് ഐ.ജി ദിനേന്ദ്ര കശ്യപ്, ഡി. ഐ.ജി. അനൂപ് കുരുവിള ജോൺ, എസ്.പി മാരായ ദേബേഷ് കുമാർ ബെഹറ, എ.ഐ.ജി. ഹരിശങ്കർ എന്നിവരും ബഹുമതികൾക്കർഹരായി.

തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ അതിക്രമങ്ങൾ നേരിടുന്നതിനും സുരക്ഷയ്ക്കുമായി പോലീസ് ട്രെയിനിങ് കോളേജ് രൂപം നല്കിയ വിവിധ ലത്തി ഡ്രില്ലിന്റെ പരിഷ്കരിച്ച രീതികളും അരങ്ങേറി.

ഡി.ജി.പി എൻ.ശങ്കർ റെഡ്ഡി, എ.ഡി.ജി.പി മാരായ ഡോ.ബി.സന്ധ്യ, അനിൽ കാന്ത്, എസ്.ആനന്ദകൃഷ്ണൻ, റ്റി.കെ. വിനോദ്കുമാർ, ഐ.ജി മാരായ മനോജ് എബ്രഹാം, ദിനേന്ദ്ര കശ്യപ്, ഡി.ഐ.ജി മാരായ സ്പർജൻ കുമാർ, ഷെഫിൻ അഹമ്മദ്, അനൂപ് കുരുവിള ജോൺ, പി.പ്രകാശ്, കെ.സേതുരാമൻ മറ്റ് ഉന്നത പോലീസ് ഉദ്യോഗസ്ഥർ പങ്കെടുത്തു.

***********